**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3028** **14-02-2024 - ൽ മറുപടിയ്ക്ക്**

**തണ്ണീർ കൊമ്പനെ പിടിച്ചതിലെ വീഴ്ചകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസ മേഖലയിൽ ഇറങ്ങുന്ന കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് അയയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | (എ) | ജനവാസ മേഖലയിൽ ഇറങ്ങുന്ന കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്കയക്കുന്നതിന് മുന്നോടിയായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ , ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വാച്ചർമാർ, അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ആർ.ആർ.ടി. എന്നിവരുൾപ്പെട്ട ഒരു ടീം രൂപീകരിക്കേണ്ടതുണ്ട്.<br><br>ജനങ്ങളെ നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നടപടി ക്രമങ്ങൾ പാലിക്കുവാനായി പൊലീസ് വകുപ്പിന്റെ സഹായം തേടുകയും, ജനവാസ മേഖലയിൽ കാട്ടാനകൾ ഇറങ്ങുന്ന സമയത്ത് ജനങ്ങൾ ജാഗ്രത പുലർത്തുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരെ വിവരം അറിയിക്കേണ്ടതുമുണ്ട്.<br><br>സംഘർഷം ലഘൂകരിക്കുന്നതിനായി, ആവശ്യമെങ്കിൽ ജനപ്രതിനിധികളുടെ സഹായം അഭ്യർത്ഥിക്കേണ്ടതുമുണ്ട്. . അടിയന്തര സാഹചര്യമാണെങ്കിൽ CRPC 144 പ്രഖ്യാപിക്കുന്നത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ ജില്ലാ ഭരണകൂടത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു. ജനവാസമേഖലകളിൽ ഇറങ്ങുന്ന ആന, കടുവ, പുലി, കരടി തുടങ്ങിയ വന്യമൃഗങ്ങളെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടുകൂടിയാണ് പിടികൂടി കാട്ടിൽ വിടുന്നത്. ഇവയിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 05.06.2023 ലെ WL1-3591/2023 കത്തിലെ നിർദ്ദേശ പ്രകാരമുള്ള അംഗീകരിച്ച SOP to deal with emergency arising due to straying of wild animals causing threat to |

| | | | |
|---|---|---|---|
| | | | human wildlife in human inhabited area എന്നതിലെ നിർദ്ദേശ പ്രകാരമാണ് ജനവാസ മേഖലയിൽ ഇറങ്ങുന്ന ആനകളെ കൈകാര്യം ചെയ്യുന്നത്. എന്നാൽ തിരികെ കാട്ടിലേക്ക് ഓടിച്ചുവിടാൻ പറ്റാത്ത സാഹചര്യത്തിൽ ജനവാസമേഖലയിൽ ഇറങ്ങുന്ന ആനയെ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിക്ക് അനുസൃതമായി മയക്കുവെടി വെച്ച് ജനവാസമേഖലയിൽ നിന്ന് നീക്കം ചെയ്യുന്നുണ്ട് . |
| (ബി) | മാനന്തവാടിയിൽ തണ്ണീർ കൊമ്പനെ മയക്കുവെടിവെച്ച് പിടിച്ച സംഭവത്തിൽ മേല്പറഞ്ഞ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | മാനന്തവാടി ടൗണിൽ എത്തിച്ചേർന്ന ആനയെ മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണ് പിടികൂടിയതും, തുടർ നടപടികൾ സ്വീകരിച്ചതും. എങ്കിലും ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 03.02.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നം:62/2024/FWLD പ്രകാരം അഞ്ച് അംഗങ്ങൾ അടങ്ങിയ ഒരു വിദഗ്ധ സമിതിയെ രൂപീകരിക്കുകയും സമിതി അംഗങ്ങൾ സംഭവ സ്ഥലങ്ങൾ സന്ദർശിച്ച് വനം വകുപ്പുദ്യോഗസ്ഥരോടും ജന പ്രതിനിധികളോടും നാട്ടുകാരോടും കർണ്ണാടക വനം വകുപ്പ് ഉദ്യോഗസ്ഥരോടും സംഭവത്തെ കുറിച്ച് നേരിട്ട് അന്വേഷണം നടത്തി വരികയാണ്. അന്വേഷണത്തിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ